**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2679** **17-03-2022 - ൽ മറുപടിയ്ക്ക്**

**പുരപ്പുറ സൗരോർജ്ജ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. പി. നന്ദകുമാർ | | null<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ ഗുണം കൂടുതൽ പേർക്ക് എത്തിക്കുന്നതിനും സൗരോർജ്ജ വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ അവബോധം ജനങ്ങളിൽ എത്തിക്കുന്നതിന് എന്തെല്ലാം പ്രചരണ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ ഗുണം കൂടുതൽ പേർക്ക് എത്തിക്കുന്നതിനും സൗരോർജ്ജ വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ അവബോധം ജനങ്ങളിൽ എത്തിക്കുന്നതിനും നിരവധി പ്രചാരണ പ്രവർത്തനങ്ങളാണ് KSEBL നടത്തിവരുന്നത്. കേന്ദ്ര സഹായത്തോടെയുള്ള സബ്സിഡിയോടു കൂടി ഗാർഹിക ഉപഭോക്താക്കൾക്ക് 'സൗര' പദ്ധതി പ്രകാരം പുരപ്പുറങ്ങളിൽ സൗരനിലയം സ്ഥാപിക്കാം. ഇതിന്റെ പ്രചരണ പ്രവർത്തനങ്ങൾ അച്ചടി ദൃശ്യ മാദ്ധ്യമങ്ങൾ വഴി നടപ്പാക്കി വരുന്നു. ഏകജാലക സംവിധാനമായ 'ഇ-കിരൺ പോർട്ടൽ', ട്രാക്കിംഗ് സംവിധാനത്തോടെ നവീകരിച്ച്, 'സൗര' പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നതിനായി തയ്യാറാക്കിയിട്ടുണ്ട്. ഇതുവഴി ഉപഭോക്താവിന് താൻ അപേക്ഷ നൽകിയ ശേഷം രജിസ്ട്രേഷന്റെ നിലവിലെ സ്ഥിതി അറിയാൻ സാധിക്കും. ഇതു കൂടാതെ സമയബന്ധിതമായി പദ്ധതി പൂർത്തിയാക്കാൻ വേണ്ടി പല നടപടികളും സ്വീകരിച്ചിട്ടുണ്ട്. പുതുതായി 37 ഡെവലപ്പർമാരെ എംപാനൽ ചെയ്ത് പദ്ധതി നിർവ്വഹണം ത്വരിത ഗതിയിലാക്കി. കൂടാതെ സോളാർ പാനൽ നിർമ്മാതാക്കളുടെയും ഇൻവെർട്ടർ നിർമ്മാതാക്കളുടെയും മീറ്റുകൾ സംഘടിപ്പിച്ചു. കൂടാതെ 'സൗര' പദ്ധതി കൂടുതൽ ജനപ്രിയമാക്കാൻ എല്ലാ ഇലക്ട്രിക്കൽ സബ് ഡിവിഷനുകളിലും സൗര സ്പോട്ട് രജിസ്ട്രേഷൻ കാമ്പയിനുകൾ സംഘടിപ്പിച്ചു. കൂടാതെ 'സൗരതേജസ്സ്' എന്ന പേരിൽ പ്രത്യേക ക്യാമ്പയിൽ അനെർട്ട് നടത്തിവരുന്നു. വിവിധ ഊർജ്ജമിത്ര കേന്ദ്രങ്ങൾ, റസിഡൻഷ്യൽ അസോസിയേഷനുകൾ, സന്നദ്ധ സംഘടനകൾ, |

| | | | |
|---|---|---|---|
| | | | വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവരെ ക്യാമ്പയിൻ പാർട്ട്ണർമാരായി തെരഞ്ഞെടുത്ത് അവർ മുഖേനയുള്ള സ്പോട്ട് രജിസ്ട്രേഷൻ, ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവ നടത്തിവരുന്നു. വിവിധ പത്ര മാധ്യമങ്ങൾ, ടെലിവിഷൻ ചാനലുകൾ, സാമൂഹിക മാധ്യമങ്ങൾ, എഫ്.എം. സ്റ്റേഷനുകൾ എന്നിവ വഴി പൊതു ജനങ്ങളിൽ ഇതിന്റെ പ്രാധാന്യം എത്തിക്കുന്നതിനുള്ള നടപടികൾ അനെർട്ട് സ്വീകരിച്ചിട്ടുണ്ട്. സൗരോർജ്ജ പദ്ധതി സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ അറിയുന്നതിനും, സംശയ നിവാരണത്തിനുമായി പ്രത്യേക ടോൾ ഫ്രീ ഹെൽപ്പ് ലൈൻ നമ്പർ ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ പുരോഗതിയും സുതാര്യതയും ഉറപ്പാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള ഇ-കിരൺ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | 'ഇ-കിരൺ' പദ്ധതി 'സൗര' രജിസ്ട്രേഷനും പുരോഗതി അവലോകനത്തിനും വേണ്ടി വികസിപ്പിച്ചെടുത്ത ഏകജാലക സംവിധാനമാണ്. ഗാർഹിക ഉപഭോക്താക്കൾക്കുള്ള സബ്സിഡി പദ്ധതിയിലേക്ക് 'ഇ-കിരൺ പോർട്ടൽ' വഴി അപേക്ഷിക്കാം. 07.02.2022 – ൽ KSEBL പ്രസ്തുത പദ്ധതി നവീകരിച്ച് ട്രാക്കിംഗ് സംവിധാനത്തോടെ പുറത്തിറക്കി. ഈ സംവിധാനം വഴി ഉപഭോക്താവിന് താൻ ചെയ്ത രജിസ്ട്രേഷൻ ഏത് സ്റ്റേജിൽ എത്തി നിൽക്കുന്നു എന്ന് അറിയാൻ സാധിക്കും. കൂടാതെ ഡെവലപ്പർമാർ നടത്തുന്ന സൈറ്റ് സർവ്വേ പ്ലാന്റ് നിർമ്മാണം, കമ്മീഷനിംഗ് എന്നിവയുടെ നിലവിലെ സ്ഥിതി ഇ-കിരൺ മാനേജ്മെന്റ് പോർട്ടലിലൂടെ അറിയാൻ ഉപഭോക്താവിന് സാധിക്കും. |

സെക്ഷൻ ഓഫീസർ